# സ്കൂൾ

# അക്കാദമിക

# മാസ്റ്റർപ്ലാൻ

# 2025 - 2026

## GOVT. LPS MUTTACAUD

2025/7/6 20:2

# ഉള്ളടക്കം


- ആമുഖം
- സ്കൂൾചരിത്രം
- അടിസ്ഥാനവിവരങ്ങൾ
- വിദ്യാലയ ലക്ഷ്യങ്ങൾ
  - അറബിക്
  - ഭാഷാവികസനം
  - ഇംഗ്ലീഷ്
  - പരിസരപഠനം
  - ഗണിതം
  - പ്രവൃത്തിപരിചയം
  - സാമൂഹികാവബോധം
  - ICT സാധ്യതകൾ
  - കലാപരിശീലനം
  - ആരോഗ്യകായിക വിദ്യാഭ്യാസം
  - സാമൂഹ്യശാസ്ത്രം
  - ഹിന്ദി
- പ്രവർത്തനം - വിശദാംശങ്ങൾ
- ഉപസംഹാരം.


2025/7/6

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോരുത്തരുടെയും അവകാശമാണ്. ഇത് ലക്ഷ്യമാക്കിയാണ് 2025-26 അധ്യയന വർഷം സമഗ്ര ഗുണമേന്മാ വർഷമായി ആചരിക്കുന്നത്. ഇതനുസരിച്ച് 8 മേഖലകളിലൂടെ നമ്മുടെ അക്കാദമികനിലവാരം ഉയർത്തേണ്ടതാണ്. സമഗ്ര ഗുണ മേന്മ ക്യാമ്പയിൻ, സമിതികളും സഹകരണവും, പരിശീലനപ്രവർത്തനങ്ങൾ, ഗവേഷണ പ്രവർത്തനങ്ങൾ, അക്കാദമികപ്രവർത്തനങ്ങൾ, മൂല്യനിർണ്ണയ രീതികൾ, സാങ്കേതികവിദ്യ, ഭരണപരമായ പ്രവർത്തനങ്ങൾ എന്നിവയാണ് 8 മേഖലകൾ.

ഇത്തരത്തിലുള്ള സമഗ്രവും വൈവിധ്യമാർന്നതും നൂതനവുമായ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ ചർച്ച ചെയ്ത് വിവിധ ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികളുടെ ബൗദ്ധികവും, സാമൂഹികവും, സാമ്പത്തികവും, കലാപരവും കായികപരവും, മാനസികവും ചലനാത്മകവുമായ കഴിവുകൾ വികസിപ്പിച്ച് സമൂഹത്തിനുതകുന്ന ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം.

ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ അനുകമ്പ, സഹാനുഭൂതി, സഹകരണം, സഹജീവികളോടുള്ള സ്നേഹം, സത്യസന്ധത, കൃത്യനിഷ്ഠ, നന്മതിന്മകൾ തിരിച്ചറിയൽ, നല്ലശീലങ്ങൾ വളർത്തിയെടുക്കൽ, ആദരവ്, ബഹുമാനം എന്നീ ഗുണങ്ങൾ സ്വായത്തമാക്കാനുള്ള തിരിച്ചറിവ് നൽകുക എന്നതും മറ്റൊരു ലക്ഷ്യമാണ്.

സമൂഹത്തിലെ വിപത്തുകളായ മദ്യം, മയക്കുമരുന്ന് മറ്റ് ലഹരി വസ്തുക്കൾ, അക്രമ വാസനകൾ എന്നിവയിൽ നിന്നും നമ്മുടെ കുട്ടികളെ തിരിച്ചറിവുള്ള നല്ലവരായി വളരാൻ സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഗവ. L.P.S മുടയ്ക്കാട് സ്കൂളിലെ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

2025/7/6 20:25

# സ്കൂൾ ചരിത്രം

ലോക പ്രശസ്ത വിനോദ കേന്ദ്രമായ കോവളത്തി-ന്റെ സമീപമാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. പ്രകൃതിഭംഗിയാൽ അനുഗ്രഹിക്കപ്പെട്ട ഈ പ്രദേശത്ത് എല്ലാ വിഭാഗം ജനങ്ങളും ജാതിമത വർഗ്ഗ ഭേദ-വില്ലാതെ ഒരുമയോടെ ജീവിച്ചു വരുന്നു. ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ പ്രതീക്ഷയും ആവേശവുമായ ഈ വിദ്യാലയം 2019-ൽ ശതാബ്ദി ആഘോഷിച്ചു. മുട്ടയ്ക്കാട് ഉഴുർത്തല കുടുംബാംഗവും ശ്രീമൂലം പ്രജാസഭയിൽ അംഗവുമായിരുന്ന ശ്രീ. ഗോവിന്ദപിള്ള 1919-ൽ ഈ വിദ്യാലയം സ്ഥാപിച്ചു. ആദ്യകാലത്തു അദ്ദേഹത്തിന്റെ വീട്ടിലാണ് വിദ്യാലയം പ്രവർത്തിച്ചി-രുന്നത്. പിന്നീട് മുട്ടയ്ക്കാട് ശ്രീകണ്ഠൻ ശാസ്താ ക്ഷേത്രത്തിൽ വകയായ ഇന്ന് കാണുന്ന സ്ഥലത്തേക്ക് വിദ്യാലയത്തെ സൗകര്യപ്രദമായി മാറ്റിസ്ഥാപിച്ചു. ആദ്യത്തെ പ്രധാനാധ്യാപിക ആയിരുന്നത് ശ്രീമതി. ഭാർഗ്ഗവിയമ്മയാണ്. കുന്നത്തുവീട്ടിൽ പി. നാരായണ-പിള്ളയുടെ മകൾ ശാന്താകുമാരി ആദ്യ വിദ്യാർത്ഥിനി-യായി.

# അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെ പേര് - ഗവൺമെന്റ് എൽ പി എസ് മുട്ടയ്ക്കാട്

മേൽവിലാസം - ഗവൺമെന്റ് എൽ പി എസ് മുട്ടയ്ക്കാട്, മുട്ടയ്ക്കാട്.പി.ഒ, 695523, തിരുവനന്തപുരം

സ്ഥാപിതം - 1919

ഫോൺ - 0471 2483015

സ്കൂൾകോഡ് - 44213

യുഡൈസ് കോഡ് - 32140200401

റവന്യൂജില്ല - തിരുവനന്തപുരം

വിദ്യാഭ്യാസ ജില്ല - നെയ്യാറ്റിൻകര

വിദ്യാഭ്യാസ ഉപജില്ല - ബാലരാമപുരം

ബി.ആർ.സി. - ബാലരാമപുരം

സി.ആർ.സി - മുട്ടയ്ക്കാട്

ഗ്രാമപഞ്ചായത്ത് - വെങ്ങാനൂർ

ബ്ലോക്ക് പഞ്ചായത്ത് - അതിയന്നൂർ

ജില്ലാ പഞ്ചായത്ത് - തിരുവനന്തപുരം

താലൂക്ക് - തിരുവനന്തപുരം

ലോകസഭാമണ്ഡലം - തിരുവനന്തപുരം

നിയമസഭാമണ്ഡലം - കോവളം

ഇ-മെയിൽ വിലാസം - glpsmuttacaud@gmail.com.

## വിദ്യാലയ ലക്ഷ്യങ്ങൾ (പൊതു ലക്ഷ്യങ്ങൾ)

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഭാഷകളിൽ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
* 'ഓരോ കുട്ടിയും സ്പെഷ്യൽ ആണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ഉറപ്പാക്കും.
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
* സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ഗണിതലാബ് തുടങ്ങിയവ ആധുനീകരിക്കുക.
* ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്ക് അക്കാദമിക സഹായത്തിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ SRG യുടെ നേതൃത്വത്തിൽ ഒരുക്കും.
* 'വിദ്യാലയം ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
* ജൈവവൈവിധ്യ ഉദ്യാനമായി വിദ്യാലയത്തെ മാറ്റുക.
* ശുചിത്വസേന, ഹരിതസേന രൂപീകരിക്കൽ
* കൃഷി, മൃഗപരിപാലനം, ഉദ്യാനം, എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ
* വിദ്യാലയം

2025/7/6 20:26

• സർഗശേഷി വികസനത്തിനായി റേഡിയോ ജിംഗിൾസ്
• ഗണിതപാർക്ക് നിർമ്മാണം.
• നക്ഷത്രവനം
• കരനെല്ല് കൃഷി
• ഓണപ്പൂകൃഷി
• വിദ്യാലയ നവീകരണം
• വർണ്ണക്കൂടാരം.
• കരാട്ടെ പരിശീലനം
• ഡാൻസ്
• ശാസ്ത്ര ഗണിതപ്രവൃത്തിപരിചയമേള
• കലാപഠനം.
• Aerobics (Zumba പരിശീലനം)...

<u>അറബിക്</u>

• അറബിഭാഷയിൽ അടിസ്ഥാനശേഷികൾ നേടിയെടുക്കുക.
• കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
• വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
• വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാപഠനനേട്ടത്തിലൂടെ ഉറപ്പുവരുത്തുക.

2025/7/6 20:27

## ഭാഷാവികസനം.

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- മികച്ച വായനാശീലം വളർത്തുക.
- ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- ക്ലാസ് തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ധാരാളം ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

* ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കൽ.

* വായനാപരിപോഷണം

* Reader's theatre, (സർഗാത്മകതാ പരിപോഷണം)
* സർഗാത്മക രചനാശേഷി വികാസം.
* Language games ന് അവസരം നൽകൽ.

<u>പരിസരപഠനം</u>

• ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക.
• ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അവസരം ഒരുക്കുക.
• ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
• ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
• ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
• നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ലബോധം ഉണ്ടാക്കുക.
• ജൈവവൈവിധ്യ ഉദ്യാനസംരക്ഷണം.
• കേരളം - ഇന്ത്യ (ഭൂപടവായന)
• സമൂഹിക പരിചയപ്പെടൽ
• ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.
• ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന.

2025/7/6 20:28

## ഗണിതം.

- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
- ആധുനിക സാങ്കേതികവിദ്യകൾ ഗണിതപഠനത്തിനായി ഉപയോഗപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
- ഗണിതപഠനം സന്തോഷകരമാക്കുന്നതിന് ഗണിതലാബ് സജ്ജമാക്കുക.
- ഗണിതപാർക്ക് സജ്ജീകരിക്കുക.
- ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും ചതുഷ്ക്രിയകൾ സ്വായത്തമാക്കുന്നതിനും ഗുണനപ്പട്ടികകൾ നിർമ്മിക്കുന്നതിനും കൂടുതൽ അവസരമൊരുക്കൽ.

## പ്രവൃത്തിപരിചയം.

- നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വളർത്തുക.
- പാഴ്‌വസ്തുക്കളിൽ ഉപയോഗകരമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- Origami, paper craft, embroidary, vegetable printing, etc... എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകുക.

2025/7/6 20:28

## സാമൂഹികാവബോധം

- ജനാധിപത്യമൂല്യങ്ങൾ വളർത്തുക.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ, എന്നിവ സംഘടിപ്പിക്കൽ.
- തെരഞ്ഞെടുപ്പിന്റെ സാധ്യതകൾ കുട്ടികളിൽ എത്തിക്കുക.
- ഞാനും ഒരു സാമൂഹജീവിയാണെന്ന ബോധം ഉണ്ടാക്കുക.

## ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ

- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.
- ICT സാധ്യതകൾ ഉപയോഗിച്ച് കുട്ടികൾക്ക് ലളിതമായ അറിവുകൾ പകർന്നുനൽകുക.
- ICT – നേട്ടങ്ങൾ, പരിമിതികൾ, പോരായ്മകൾ ഇവയെക്കുറിച്ച് ബോധവാനാക്കുക.

2025/7/6 20:28

## കലാപരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- 'ഓരോ കുട്ടിയും ഓരോന്നാണ്' എന്ന ബോധം ഉണ്ടാക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.

6

## ആരോഗ്യ കായിക വിദ്യാഭ്യാസം

- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യശീലങ്ങൾ വളർത്തുക.
- Aerobics ന്റെ സാധ്യതകൾ ഉപയോജനപ്പെടുത്തുക
- കരാട്ടെ പരിശീലനം ലഭിക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കുക.
- ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം.

2025/7/6 20:29

## സോഷ്യൽസയൻസ്

- സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ
- പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.
- ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക.
- സഹജീവികളോട് സഹഭാവം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.
- വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും നെറ്റ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.

## ഹിന്ദി

- എല്ലാ കുട്ടികൾക്കും കഥകളെയും പാട്ടുകളെയും ആശയങ്ങളെയും ഉറപ്പിക്കൽ
- കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക
- ആശയങ്ങൾ ഒഴുക്കോടെ പ്രകടിപ്പിക്കുന്നതിനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം
- സുരീലി ഹിന്ദിയിലൂടെ സർഗാത്മകശേഷി വികസിപ്പിക്കൽ.

# പ്രവർത്തനം - വിശദാംശങ്ങൾ

## മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വർദ്ധിപ്പിക്കാനും പരിശീലനം ഉറപ്പാക്കുക. | <u>അക്ഷരചിത്രം</u><br>അക്ഷരങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു. നിറം നൽകുന്നു. പ്രദർശിപ്പിക്കുന്നു. അംഗീകാരം നൽകുന്നു.<br><u>അക്ഷരമരം</u><br>സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, ചിഹ്നങ്ങൾ ഇവ മരത്തിൽ തൂക്കിയിടുന്നു. കുട്ടികൾ അക്ഷരങ്ങൾ തിരിച്ചറിയുന്നു. എല്ലാ നിലവാരക്കാർക്കും അവസരം.<br><u>എന്റെ പദകോശം</u><br>ബുള്ളറ്റിൻ ബോർഡിൽ അക്ഷരങ്ങളും ചിത്രങ്ങൾ എന്നിവ ഉപയോഗിച്ച് കുട്ടികളുടെ ചർച്ചയോടെ വാക്കുകൾ രൂപീകരിച്ച് പ്രദർശിപ്പിക്കുന്നു. ഓരോ ദിവസത്തെയും വാക്കുകൾ | | | |

'എന്റെ പദകോശം' എന്ന പുസ്തകത്തിൽ എഴുതുന്നതും രേഖപ്പെടുത്തുന്നു.

പദതീവണ്ടി

* ഓരോ പാഠഭാഗത്ത് വരുന്ന പുതിയ വാക്കുകൾ ഉപയോഗിച്ച് പദകാർഡ് (ചിത്രം) നിർമ്മിക്കുന്നു. മൂന്നോ നാലോ പേരടങ്ങുന്ന ഗ്രൂപ്പുകളായി 'പദതീവണ്ടി' എന്ന കളി കളിയ്ക്കുക. (എല്ലാ നിലവാരക്കാരെയും ഉൾപ്പെടുത്തി വേണം ഗെയിം സെറ്റ് ചെയ്യേണ്ടത്).

വായനാചുമർ

* ഓരോ ക്ലാസിനും അനുയോജ്യമായ തരത്തിലുള്ള വായനാകാർഡുകൾ ക്ലാസ് ചുവരിൽ ഒട്ടിയ്ക്കുകയും കുട്ടികൾ ഒരുമിച്ച് ചേർന്ന് വായിക്കുകയും ചെയ്യുക.

വാക്കുകളിൽ നിന്ന് വാക്യങ്ങളിലേക്ക്

അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം.

| | | |
|---|---|---|
| 2. | ആശയവിനിമയ ശേഷി കൈവരിക്കൽ | പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. |
| 3. | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | <u>പുസ്തകം എന്റെ ചങ്ങാതി</u><br>പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. കൂടാതെ ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. |
| 4. | മികച്ച വായനാശീലം വളർത്തുക. | <u>എന്റെ പിറന്നാൾ സമ്മാനം</u><br>എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു. 'പിറന്നാൾ സമ്മാനം' പരിപാടിയിലൂടെ പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിലേക്ക് ശേഖരിക്കുന്നു.<br><u>അക്ഷരക്കൂട്ടം</u><br>ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. |

4. **സ്കൂൾ ലൈബ്രറി**

സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സംരംഭങ്ങൾ, സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ.

5- അർത്ഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു.

**ഓഡിയോ ക്ലിപ്പിങ്സ്**

- ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന.
- കഥ, കവിത, പദ്യം ചൊല്ലൽ, കടങ്കഥ, കൗതുകവാർത്തകൾ, സ്കൂൾ വാർത്തകൾ etc... ഇവ ഉച്ചഭാഷിണിയിലൂടെ അവതരിപ്പിക്കുന്നു.
- വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. (ചെറിയ ക്ലാസിന്-വായനക്കാർഡ്) വായനക്കുറിപ്പിനുള്ള ___ പുസ്തകം വിദ്യാലയം നൽകുന്നു.
- വായനാമൂല നിർമ്മാണം. (വിഭവം അധ്യാപകർ / രക്ഷിതാക്കൾ നൽകുന്നു)

| | |
|---|---|
| 6. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | **<u>കയ്യെഴുത്ത് മാഗസിൻ</u>**<br>ഓരോ ടേമിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച ഉൽപന്നങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കൽ.<br><br>**<u>ബാലോത്സവം</u>**<br>അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ.<br><br>**<u>ക്ലാസ് പത്രം</u>**<br>ഓരോ ക്ലാസും അവർ നേടിയെടുത്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് പത്രം തയ്യാറാക്കൽ (കൗതുകവാർത്തകൾ, സ്കൂൾവാർത്തകൾ ഇവ ഉൾപ്പെടുത്തണം). |

ക.

| | | | | |
|---|---|---|---|---|
| 7. | കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരങ്ങളൊരുക്കൽ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് | ഡിസംബർ മാസത്തിൽ വർഷത്തിൽ ഒരിക്കൽ | വിദ്യാരംഗം കോ-ഓർഡിനേറ്റർ ഭാഷാക്ലബ്ബ് |
| 8. | സാഹിത്യകൃതികളെയും സാഹിത്യകാരന്മാരെയും അടുത്തറിയുന്നതിലൂടെ വായനശീലം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ ദിനാചരണങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | ജൂലൈ - മാർച്ച് | മലയാളം അധ്യാപകർ (ഭാഷാക്ലബ്ബ്) |
| 9. | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ, കഥ, കവിത, ഉപന്യാസം കവിതാപാരായണം . . . . . തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ജൂൺ - മാർച്ച്. | HM Trs SMC |

# ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | <u>Classroom communication</u><br>ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>eg:- ~~May I~~ May I drink some water?<br>May I go to toilet?<br>- Hello<br>- Hello, everyone<br>- Goodmorning<br>→ Goodafternoon<br>- How are you?<br>- How are you all?<br>- How are you today?<br>. Let me take attendance etc.. | വർഷം മുഴുവനും | Class Tr./ English Tr. | |
| | | English <u>Assembly</u>.<br>ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഭാഷയിൽ Assembly. മാറി മാറി ഓരോ ക്ലാസിനും ഓരോ ദിവസം ചുമതല. | | Class Tr. | |

2025/7/6 20:30

| | | | | |
|---|---|---|---|---|
| | | **English Diary**<br>നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | വർഷം മുഴുവനും | English Tr. |
| 2. | സർഗാത്മകതാ പരിപോഷണം. | **Readers theatre.**<br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, drama, conversation, roleplay, storytelling, etc...) | മാസത്തിൽ ഒന്ന് | English Tr. |
| 3. | സർഗാത്മകതയുടെ ശേഷി വികസനം. | **English Magazine**<br>ഓരോ ടേമിലും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസികകൾ തയ്യാറാക്കൽ | മൂന്ന്മാസത്തിലൊരിക്കൽ | HM, Trs, English Tr. |
| 4. | ഭാഷാ പരിപോഷണം | **English Corner.**<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, പുസ്തക പരിചയം. | മാസത്തിലൊരിക്കൽ | Class Tr., English Tr. |

| | | | | |
|---|---|---|---|---|
| 5. | ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | <u>English Fest</u><br>വായനാമത്സരം, രചനാമത്സരം മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | ഫെബ്രുവരി മാസം | HM SMC Trs. |
| 6. | ഹലോ ഇംഗ്ലീഷ് മൊഡ്യൂളിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നതിന്. | <u>Hello English.</u><br>ക്ലാസ്മുറിക്കുള്ളിൽ അധ്യാപകരും കുട്ടികളും തമ്മിലുള്ള communication ഇംഗ്ലീഷ് ഭാഷയിൽ നടത്തിയിരിക്കണം. (അധ്യാപക ശാക്തീകരണം) | മുഴുവൻ മാസവും. | All Trs. |
| 7. | Language games ന് അവസരം നൽകൽ | → വിവിധതരം Language games കുട്ടികൾക്ക് പരിചയപ്പെടുത്തുക.<br>• Card game.<br>• Word train<br>• Picture card games etc.... | ജൂൺ to മാർച്ച് | English Tr. |

# പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ |
|---|---|---|---|---|---|
| 1. | • നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ലബോധം ഉണ്ടാക്കുക<br>• ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം. | <u>ഫീൽഡ് ട്രിപ്പ്</u><br>• പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ<br>• സസ്യങ്ങളെ തിരിച്ചറിയൽ [പ്രകൃതിനടത്തം] (പാടം, ഉദ്യാനം, കാവുകൾ, കുളങ്ങൾ etc...)<br>• നക്ഷത്രവനം നിർമ്മിക്കൽ<br>• പച്ചത്തുരുത്ത് നിർമ്മാണം<br>• കരനെല്ല് കൃഷി<br>• ത്രിഫല, ദശപുഷ്പം (നിർമ്മാണം, സംരക്ഷണം)<br>• ഔഷധസസ്യനിർമ്മാണം<br>• ജൈവവൈവിധ്യ ഉദ്യാനം<br>• പച്ചക്കറിത്തോട്ട നിർമ്മാണം<br>• പൂകൃഷി. | അദ്ധ്യയന- വർഷം | EVS Tr.<br>HM<br>SMC.<br>All Trs. | |

| | | | | |
|---|---|---|---|---|
| 2. | പ്രകൃതിസംരക്ഷണം | • ജൈവവൈവിധ്യഉദ്യാനം, മണ്ണ്, ജലം വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ നിർമ്മിക്കുക.<br>• മഴക്കുഴി നിർമ്മാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറൽ.<br>• പരിസരശുചിത്വം, വ്യക്തിശുചിത്വം എന്നിവയെക്കുറിച്ച് ബോധവാന്മാരാക്കുക. | അധ്യയന വർഷം | Eco club.<br>SMC.<br>Trs. |
| 3. | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | <u>ശാസ്ത്രലാബ്.</u><br>ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br><u>പരീക്ഷണക്കിറ്റ്</u><br>ശാസ്ത്രപരീക്ഷണങ്ങൾക്കാവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | അധ്യയന വർഷം | EVS Tr. |

| | | | | |
|---|---|---|---|---|
| 4. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. | **ശാസ്ത്രപഠനോപകരണ ലാബ്**<br>ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനനുയോജ്യം ശില്പശാലകൾ, ക്ലാസുകൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും | Class Tr. |
| 5. ശാസ്ത്രപഠന താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക. | **ശാസ്ത്രാവബോധം വളർത്തൽ**<br>പരീക്ഷണങ്ങൾ ഫലപ്രദമാക്കുന്നതിന് പ്രയോഗം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണങ്ങളിലൂടെ ബോധ്യമാക്കൽ | | EVS Tr. |
| 6. ശാസ്ത്രപഠനം രസകരമാക്കൽ | **ശാസ്ത്രവിസ്മയ ചുമർ**<br>ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തുക. | ആവശ്യാനുസരണം. | EVS Tr. SRG |

2025/7/6 20:

| | | | | |
|---|---|---|---|---|
| ൭. | കേരളം – ഭൂപട – ഭൂപടവായന സൂചിക പരിചയപ്പെടൽ | • ഭൂപട വായന<br>• ഭൂപട രചന<br>• സൂചികാ നിർമ്മാണം<br>• .. | വർഷത്തിലൊന്ന് | EVS Tr. SRG |
| ൮. | <u>ശാസ്ത്രോത്സവം:</u> ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | ശാസ്ത്രപതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM Trs. |
| ൯. | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | <u>ശാസ്ത്രമാസിക</u><br>ശാസ്ത്രമാസികകളുടെ നിർമ്മാണം. | വർഷത്തിലൊന്ന് | HM Trs. |

ഗണിതം.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഗണിതപഠനപ്രവർത്തനങ്ങൾ ലളിതമാക്കൽ | **ഗണിതലാബ്**<br>• ഗണിതലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക.<br>**ഗണിതപാർക്ക്**<br>• ജ്യാമിതീയരൂപങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് വിദ്യാലയമുറ്റത്ത് ഒരു ഗണിതപാർക്ക് സജ്ജീകരിക്കൽ.<br>**ഗണിതകൈവരം.**<br>• ഗണിതത്തിലെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുന്നതിനും, വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പഠനവിനിമയ സാധ്യതകൾ വിദ്യാലയത്തിൽ സജ്ജീകരിക്കൽ. | ജൂൺ to മാർച്ച് | HM.<br>Trs.<br>SMC. | 500,000/- |

| | | | |
|---|---|---|---|
| 2. അടിസ്ഥാന ഗണിതശേഷി മുഴുവൻ കുട്ടികൾക്കും ഉറപ്പിക്കൽ | **സംഖ്യാകേളികൾ**<br>ഉച്ചഭക്ഷണ ശേഷമുള്ള സമയത്ത് കളിക്കുന്നതിനായി വിവിധ സംഖ്യാകേളികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.<br>**അരവിന്ദ് ഗുപ്ത കാർഡ്**<br>എല്ലാ കുട്ടികൾക്കും സംഖ്യകൾ വായിക്കുന്നതിനും അവ പിരിച്ചെഴുതുന്നതിനും ആവശ്യ സഹായകമായ അരവിന്ദ് ഗുപ്ത കാർഡിന്റെ നിർമ്മാണം. അതുപയോഗിച്ചുള്ള ഗണിതകേളികൾ.<br>സംഖ്യാപോക്കറ്റ് നിർമ്മാണം.<br>ചാർട്ടിൽ നിരയായി 3 പോക്കറ്റുകൾ നിർമ്മിക്കുന്നു. പോക്കറ്റുകളിൽ 2 എണ്ണത്തിൽ സംഖ്യാകാർഡുകൾ ഇടുന്നു. അവയിലൂടെ ക്രിയകൾ (+, −, ×, ÷) അനുസരിച്ച് ശരിയുത്തരത്തിന്റെ കാർഡുകൾ തെരഞ്ഞെടുത്ത് മൂന്നാമത്തെ പോക്കറ്റിൽ നിക്ഷേപിക്കണം. | ജൂൺ to മാർച്ച് | Maths Tr: SRG |

| | | | |
|---|---|---|---|
| 3. അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പിക്കുന്നതിന്. | ഗണിത മൂല<br>മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ഒരുക്കിയിരിക്കുന്നു (മഞ്ചാടി, കുപ്പിയോട്ടുകൾ സംഖ്യാകാർഡുകൾ, സ്ഥാനവിലപ്പട്ടികകൾ etc...)<br>യുക്തിചിന്തയെ ഉദ്ദീപിപ്പിക്കുന്ന തരത്തിലുള്ള പസിലുകൾ അടങ്ങുന്ന ചാർട്ടുകൾ സജ്ജമാക്കുക. | വർഷം മുഴുവനും | Maths Tr. |
| 4. ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും ചതുഷ്ക്രിയകൾ ആസ്വാദ്യമാക്കുന്നതിനും അളവുതൂക്കങ്ങൾ അളക്കുന്നതിനുള്ള കൂടുതൽ അവസരമൊരുക്കൽ. | മെട്രിക് മേള<br>• ഇന്ത്യൻ വസ്ത്രങ്ങൾ, ചിത്രങ്ങൾ ഉപയോഗിച്ച് അളവുതൂക്കം പരിചയപ്പെടൽ.<br>• നീളം അളക്കൽ, വെള്ളമളക്കൽ വീട് നിർമ്മാണ സ്ഥലത്തെ കട്ടിലിന്റെ നീളം, വീതി, പൊക്കം, ചുമരിന്റെ നീളം, ~~[illegible]~~ പൊക്കം അളക്കൽ, ~~[illegible]~~ വീട് നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ എണ്ണം കണ്ടെത്തൽ, കണിച്ചുവര തുടങ്ങി വൈവിധ്യമാർന്ന ക്ലാസ് പ്രവർത്തനങ്ങൾ ഒരുക്കുക. | ജൂൺ to മാർച്ച്. | HM<br>SRG<br>SMC<br>Trs. |

# പ്രവൃത്തിപരിചയം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രി |
|---|---|---|---|---|---|
| 1. | നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | • പ്രവൃത്തിപരിചയ മേളകളിൽ കുട്ടികൾക്ക് പരിശീലനം. ലഘുമാതൃക (നിർമ്മാണം - ചന്ദനത്തിരി, പാവ, ചോക്ക് etc...) | വർഷം മുഴുവനും | Trs. SMC | |
| 2. | നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | • പേപ്പർ ബാഗ് നിർമ്മാണം<br>• Lotion നിർമ്മാണം.<br>• Soap നിർമ്മാണം. | വർഷം മുഴുവനും | Trs SMC | |
| 3. | ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക | • ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ (അധ്യാപക ശാക്തീകരണം)<br>• വർണ്ണക്കടലാസ് കൊണ്ട് വിവിധതരം പൂക്കൾ നിർമ്മാണം.<br>• Thread work, fabricpaint, Vegetable printing, embroidery | ജൂൺ to മാർച്ച് വരെ. | Trs SMC. | |

2025/7/6 20:32

# ആരോഗ്യ - കായിക വിദ്യാഭ്യാസം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത് |
|---|---|---|---|---|---|
| 1. | മനസ്സിന്റെ ശക്തികളി-നെ ബോധ്യപ്പെടുത്തി അവരെ ഒന്ന് - ലക്ഷ്യവും കൈവരിക്കു-ന്നതിന് പ്രാപ്തരാക്കുക. | • Aerobics പരിശീലനം<br>• Simple excercise<br>• Skipping പരിശീലനം.<br>• അത്‌ലറ്റിക് പരിശീലനം.<br>• ബാഡ്മിന്റൺ പരിശീലനം,<br>• കരാട്ടെ പരിശീലനം | ജൂൺ - മാർച്ച് | | |
| 2. | എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | • എല്ലാ കുട്ടികളുടെയും ആരോഗ്യക്ഷമത ഉറപ്പുവരുത്താനായി ആഴ്ചയിൽ ഹെൽത്ത് ചെക്കപ്പ് | ജൂൺ 30 ആഗസ്റ്റ് | | |
| 3. | ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം. | • PT പിരീഡിൽ physical excercise, games എന്നിവ നൽകുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകൽ. | ജൂൺ to മാർച്ച്. | | |

2025/7/6

## കലാപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| 1. | കലാഭിരുചി വളർത്തുക. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ (നേതൃത്വം - കുട്ടികൾ) | എല്ലാ ആഴ്ചയിലും | ക്ലാസ് ടീച്ചർ | |
| 2. | ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം, സംഗീതം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, painting എന്നീ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | |
| 3. | ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ whatsapp, facebook, youtube ചാനൽ വഴി സമൂഹവുമായി പങ്കുവെക്കൽ. | ജൂൺ - മാർച്ച് | SRG ക്ലാസ് ടീച്ചർ | |

# സോഷ്യൽസയൻസ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി… |
|---|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങൾ അറിവുകൾ, ആശയങ്ങൾ എന്നിവ പരിശോധിക്കാൻ നേടിയെടുക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികളുടെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് പലതരം കളികൾ നടത്തുന്നു. (ഉദാ: ക്വിസുകൾ പറയൽ, നാടകങ്ങൾ, ക്വിസ്സാപാട്ട്, കളികൾ etc…) | ജൂൺ - ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. | പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ മാസം | S.S അധ്യാപകർ | |
| 3. | ജനാധിപത്യപരമായ ജീവിതരീതിപഠനം പരിചയപ്പെടുത്തുക. | • ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാനങ്ങൾ മനസ്സിലാക്കുന്നു. | ഒന്നാം ടേം | SS Tr., SMC കമ്മിറ്റികൾ | |

2025/7/6 20:32

| | | | |
|---|---|---|---|
| | • സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് | ജൂലൈ മാസം | Trs SRG |
| 4. സഹജീവികളോട് സമഭാവന വളർത്തി ~~[illegible]~~ ഒരുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | • മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സമ്പാദിച്ച സാധനസാമഗ്രികൾ ദുരന്തബാധിതപ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | SS Tr. |
| 5. വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും സൈബർ സുരക്ഷയെക്കുറിച്ചും, ലഹരിക്കെതിരെ~~യും~~ക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | • സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇവയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | HM SMC Trs. |

# ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ |
|---|---|---|---|---|---|
| | ഒന്നാം ക്ലാസിലെ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്<br>• അക്ഷരമാലപ്രദർശനം<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങൾ നിർമ്മാണം. | ജൂൺ - ആഗസ്റ്റ് | Hindi Tr. | |
| 1. | കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയുക. | പച്ചക്കറികൾ, പഴങ്ങൾ, വീട്ടുസാമഗ്രികൾ മുതലായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ തയ്യാറാക്കുന്നു. | September - October | Hindi Tr. | |
| 3. | വായനയുടെ ലോകത്തേക്ക് നടത്തുന്നതിനും സർഗാത്മകരചനകൾ വികസിപ്പിക്കുന്നതിനുള്ള അവസരം. | • ക്ലാസ് ലൈബ്രറി<br>• വായനാകാർഡുകൾ<br>• ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രകഥ പറയൽ | October - March | Hindi Tr. | |
| 4. | കുട്ടികളിൽ ഹിന്ദിയിലൂടെ സർഗാത്മകശേഷി വികസിപ്പിക്കൽ | കവിതകളുടെ വീഡിയോ കണ്ടശേഷം വായനാകാർഡ് തയ്യാറാക്കൽ<br>• കവിതകൾ ചേർന്ന് പാടൽ | December - February | Hindi Tr. | |

# അറബിക്

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല സാന്നി |
|---|---|---|---|---|
| 1. | അറബിഭാഷയിൽ അടിസ്ഥാനശേഷികൾ നേടിയെടുക്കുക. | • പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക.<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാക്കുകൾ നിർമ്മിക്കൽ<br>• ഭാഷാകേളികൾ. | മൂന്ന് മാസം | അറബി ടീച്ചർ. |
| 2. | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക. | • വായനാമത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാക്കുറിപ്പുകൾ<br>• അറബിക് പത്രവായന. | ജൂൺ – മാർച്ച് | അറബി ടീച്ചർ |
| 3. | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക. | • പതിപ്പുകളുടെ നിർമ്മാണം<br>• വായനാക്കുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ | ജൂൺ – മാർച്ച്. | അറബി ടീച്ചർ. |

# സാമൂഹികാവബോധം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല നൽ |
|---|---|---|---|---|
| 1. | നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികബോധം നാടിന്റെ തനിമ നിലനിർത്തുന്നതിന്. | **പ്രാദേശികചരിത്രം**<br>• നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക.<br>• പ്രാദേശികമായി ലഭ്യമായ തെളിവുകളും ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, ചർച്ചകൾ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG SMC. |
| 2. | സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യസ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | • പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, ആശുപത്രി, ഗ്രന്ഥാലയങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>• ബോധവൽക്കരണ ക്ലാസുകൾ നടത്തുക. | ജൂൺ - മാർച്ച് | SRG SMC. |

# ഉപസംഹാരം

പുതിയകാലം പൊതുജനങ്ങളെ അഭിസംബോധനചെയ്യുന്ന രീതിയിലേക്ക് മാറികഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ ഏറ്റവും വലിയ പൊതുഇടവും പൊതു-സ്ഥലവും വിദ്യാലയമാണ്. മാതൃകം സൃഷ്ടിക്കപ്പെടേണ്ട വിദ്യാഭ്യാസലോകം ഇന്ന് തീർത്തും മാറിക്കഴിഞ്ഞിരിക്കുന്നു. ഈ അവസ്ഥയെ സാധ്യമാക്കി മത്സരങ്ങളും പ്രായോഗിക പ്രവർത്തനവുമാണ് കേരള സർക്കാരും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന സമഗ്ര ഗുണ-മേന്മ വിദ്യാഭ്യാസം. പുതിയ നല്ലൊരു തലമുറയെ സൃഷ്ടിച്ചെടുക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.